# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1080 — 21.03.2013 - ൽ മറുപടിക്ക്

## ഓട്ടിസം ബാധിച്ച കുട്ടികൾക്കായി സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നത് സംബന്ധിച്ച ഉത്തരവ് നിലവിൽ ഉണ്ടോ; | (എ) കേന്ദ്രാവിഷ്കൃതമായ IEDSS (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ്) പദ്ധതിയിൻ കീഴിൽ ഓട്ടിസം ഉൾപ്പെടെയുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഹൈസ്കൂളുകളിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ അനുസരിച്ച് യോഗ്യതയുള്ളവരെ ഗവൺമെന്റ് അനുമതിയോടെ ഇന്റർവ്യൂ നടത്തി കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നു. |
| (ബി) ഇത്തരത്തിൽ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള അനുപാതം എത്രയാണ്; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് –ന് കീഴിൽ ടീച്ചർ-വിദ്യാർത്ഥി അനുപാതം 1:5 ആണ്. |
| (സി) സ്കൂളുകളിൽ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ അടുത്ത അക്കാഡമിക് വർഷം സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി)<br>സംസ്ഥാനത്ത് യോഗ്യരായ അദ്ധ്യാപകരെ ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. എങ്കിലും ഇന്റർവ്യൂവിലൂടെ യോഗ്യരായവരെ കണ്ടെത്തി ഹൈസ്കൂളുകളിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ